**Desabhimani**

**19 July 2018**

**Mullaperiyar, Conducted the Inspection**

# മുല്ലപ്പെരിയാർ ഉപസമിതി പരിശോധന നടത്തി

**മുല്ലപ്പെരിയാർ**

മുല്ലപ്പെരിയാർ അണക്കെട്ടിൽ അഞ്ചംഗ ഉപസമിതി പരിശോധന നടത്തി. അണക്കെട്ടിലെ ആറ് ഷട്ടറുകൾ ഉയർത്തി പരിശോധിച്ചു. ഉപസമിതി നേതൃത്വത്തിൽ മുല്ലപ്പെരിയാർ ഓഫീസിൽ യോഗവും ചേർന്നു. ജലനിരപ്പ് പരമാവധി സംഭരണ ശേഷിയായ 142ൽ എത്തിക്കുമെന്ന് തമിഴ്നാട് ഉപസമിതി യോഗത്തിൽ ഉന്നയിച്ചു. എന്നാൽ, കേരളം ആശങ്കയറിയിച്ചു. ജലനിരപ്പ് കുറയ്ക്കണമെന്ന് കേരളം വാദിച്ചു. താഴ്വാരങ്ങളിലെ സുരക്ഷിതത്വം നോക്കേണ്ടത് കേരളത്തിന്റെ കടമയെന്നും തമിഴ്നാട് പറഞ്ഞു. അതേ സമയം, ജലനിരപ്പ് ഉയർന്നാൽ പാലിക്കേണ്ട ഷട്ടർ ഓപ്പറേറ്റിങ്ങ് മാന്വൽ ഇതുവരെയും തമിഴ്നാട് സമർപ്പിച്ചിട്ടില്ല. തമിഴ്നാടിന്റെ നിഷേധ നിലപാട് മേൽനോട്ട സമിതിയെ അറിയിക്കാനാണ് കേരളത്തിന്റെ തീരുമാനം. അഞ്ചംഗ ഉപസമിതി രാവിലെ പത്തോടെയാണ് അണക്കെട്ടിൽ പരിശോധനകൾ ആരംഭിച്ചത്. അണക്കെട്ടിന്റെ സ്പിൽവേ, മെയിൻ ഡാം, ബേബി ഡാം, ഷട്ടർ എന്നിവ പരിശോധിച്ചു.

അണക്കെട്ടിന്റെ വൃഷ്ടി പ്രദേശത്ത് മഴ മാപിനികൾ സ്ഥാപിക്കാൻ വനം വകുപ്പ് ടെൻഡർ നൽകിയതായി കേരളം തമിഴ്നാടിനെ അറിയിച്ചു. അണക്കെട്ടിലെ ഭൂമികുലുക്കം അറിയുന്നതിന് ഹൈദരാബാദ് എൻആർജിഐയുടെ സഹായത്തോടെ തമിഴ്നാട് ഉപകരണങ്ങൾ സ്ഥാപിക്കും. അണക്കെട്ടിലേക്കുള്ള വെള്ളത്തിന്റെ നീരൊഴുക്കിന്റെ അളവ് കുറഞ്ഞിട്ടുണ്ട്. ബുധനാഴ്ചത്തെ ജലനിരപ്പ് 127 അടിയാണ്.